**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - വിവിധ വകുപ്പുകളിലായി ആശ്രിത നിയമന വ്യവസ്ഥ പ്രകാരം സൂപ്പർന്യൂമററി തസ്തികകളിൽ നിയമിക്കപ്പെട്ടതും 01.04.2013 - ന് ശേഷം നിയമനം ക്രമപ്പെടുത്തിയിരിക്കുന്നതുമായ ജീവനക്കാർക്ക് ബാധകമാകുന്ന പെൻഷൻ പദ്ധതി സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ (അച്ചടി) നം.**84/2019/**ധന. തിരുവനന്തപുരം, തീയതി,**12/07/2019.**

---

പരാമർശം :- സ.ഉ (അച്ചടി) നം. 20/2013/ധന. തീയതി, 07.01.2013

**ഉത്തരവ്**

സംസ്ഥാനത്തെ കെ.എസ്.ആർ ഭാഗം III പെൻഷൻ നിലവിലുണ്ടായിരുന്ന സർക്കാരിലും സർക്കാരിന് കീഴിലെ വിവിധ സ്ഥാപനങ്ങളിലും 01.04.2013 - നോ അതിനു ശേഷമോ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് പരാമർശ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ആശ്രിത നിയമനത്തിനായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ഭാഗമായും ആശ്രിതനിയമനം ലഭിക്കുന്നതിന് വളരെക്കാലം അപേക്ഷകർ കാത്തിരിക്കേണ്ടി വരുന്ന സാഹചര്യം പരിഹരിക്കുന്നതിനുമായി വിവിധ വകുപ്പുകളിൽ നിരവധി സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ടി വകുപ്പുകളിൽ നിയമനം നല്കുകയും ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിൽ സൂപ്പർന്യൂമററി തസ്തികകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാരിൽ 01.04.2013 ന് ശേഷം നിയമനം ക്രമീകരിക്കപ്പെടുന്നവരുടെ പെൻഷൻ പദ്ധതി സംബന്ധിച്ച് വ്യക്തത ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിച്ചു കൊണ്ടിരിക്കുകയാണ്.

**2)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 01.04.2013 ന് ശേഷം സംസ്ഥാനത്ത് റഗുലർ തസ്തികയിൽ നിയമിക്കപ്പെട്ടിരിക്കുന്ന മുഴുവൻ ജീവനക്കാർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമായിരിക്കുമെന്ന് ഇതിനോടകം തന്നെ വിവിധ

ഉത്തരവുകളിലൂടെ സർക്കാർ സംശയാതീതമായി വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ വിഷയം സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുകയും ആയതിന് വിധേയമായി ഉത്തരവുകൾ പുറപ്പെടുവിക്കുകയും കേന്ദ്രസർക്കാർ ഏജൻസികളുമായി കരാർ ഒപ്പ് വെക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നിരുന്നാലും വിവിധ വകുപ്പുകളിൽ സൂപ്പർന്യൂമററി തസ്തികകളിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ പെൻഷൻ പദ്ധതി സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ പ്രസ്തുത വിഭാഗം ജീവനക്കാരെ കൂടി ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിലനിർത്താനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഒരു ജീവനക്കാരൻ സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ റഗുലർ തസ്തികയിൽ നിയമിക്കപ്പെടുന്ന സമയത്ത് മാത്രമേ ഏതെങ്കിലും തരത്തിലുള്ള ഒരു പെൻഷൻ പദ്ധതിക്ക് അർഹത വരികയുള്ളൂ. 01.04.2013 ന് മുൻപ് സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായി 01.04.2013 ന് ശേഷം സർവീസ് റഗുലറൈസ് ചെയ്യപ്പെടുന്ന ജീവനക്കാർ, 01.04.2013 ന് ശേഷമാണ് സംസ്ഥാനത്തെ സർക്കാർ സർവ്വീസിൽ റഗുലർ തസ്തികയിൽ നിയമിക്കപ്പെടുന്നത് എന്നതിനാൽ അവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമാവുക. പ്രസ്തുത വിഭാഗം ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ വിഹിതം അടവാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

i) സൂപ്പർ ന്യൂമററി തസ്തികയിൽ 01.04.2013 ന് മുൻപ് നിയമനം ലഭിച്ച ജീവനക്കാർ 01.04.2013 ന് ശേഷം റഗുലറൈസ് ചെയ്യപ്പെടുകയാണെങ്കിൽ അവർ റഗുലറൈസ് ചെയ്ത തീയതി മുതൽ പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാകുന്നതാണ്.

ii) 01.04.2013 ന് മുൻപ് സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിക്കുകയും നാളിതുവരെ റഗുലറൈസ് ചെയ്യപ്പെടാത്തതുമായ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമാകുവാൻ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം, ഏത് ദിവസം മുതൽക്കാണ് പദ്ധതിയിൽ അംഗമാകുന്നത് എന്നത് സംബന്ധിച്ച് ഓപ്ഷൻ സമർപ്പിക്കുന്നതിനു അവസരം നൽകേണ്ടതും അപ്രകാരം ഓപ്ഷൻ സമർപ്പിക്കുന്നവരെ താമസംവിനാ പദ്ധതിയിൽ അംഗമാക്കേണ്ടതും ഓപ്ഷൻ നൽകിയതിനു തൊട്ടടുത്ത മാസം മുതൽ അവരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും എൻ.പി.എസ് വിഹിതം അടവാക്കാൻ നിർദ്ദേശിക്കേണ്ടതുമാണ്.

iii) അപ്രകാരം ഓപ്ഷൻ നൽകുന്ന ജീവനക്കാരുടെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയുടെ 10% തുക സർക്കാർ വിഹിതമായി നല്കുന്നതാണ്.

iv) കുടിശ്ശിക തുക തവണകളായി അടവാക്കുന്നതിനായി 14.01.2015-ലെ സ.ഉ(പി) നം. 25/2015/ധന. ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

v) പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമായിരിക്കുന്ന ഈ വിഭാഗം ജീവനക്കാർ അവ്യക്തതയാൽ പദ്ധതിയിൽ അംഗങ്ങളാകാതെ വിരമിക്കുന്ന പക്ഷം അവർക്ക് കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനോ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമാകാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനോ അർഹതയുണ്ടായിരിക്കുന്നതല്ല. മേൽ സാഹചര്യത്തിൽ എല്ലാ വകുപ്പ് മേധാവികളും ഈ വിഷയത്തിൽ ജാഗ്രത പുലർത്തേണ്ടതാണെന്നും ജീവനക്കാരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പ്രസ്തുത വിവരം താമസംവിനാ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിൽ അറിയിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
5. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
6. പൊതുഭരണ (CE-Cell) വകുപ്പ്
7. ചീഫ് പ്രൊജക്ട് മാനേജർ, സ്പാർക്ക്
8. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
9. നോഡൽ ഓഫീസർ, www.finance.kerala.gov.in
10. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. **(E-698116)**

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**